(സി) ദീർഘകാല അവധി ഒഴിവുകൾ ഉൾപ്പെടെ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) എച്ച്.എസ്.എ. ഇംഗ്ലീഷിന് 15 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ 4 ഒഴിവുകൾ പ്രൊമോഷനും 4 ഒഴിവുകൾ അന്തർജില്ലാ നിയമനത്തിനുമായി നീക്കി വച്ചിട്ടുണ്ട്. ഒഴിവുകൾ വിഭജിക്കുന്നത് ജി.ഒ.(പി) 120/99/പൊ.വി. തീയതി 25-5-1999 പ്രകാരമാണ്.

(ബി) ദിവസവേതനാടിസ്ഥാനത്തിൽ 15 പേർ ജോലി ചെയ്യുന്നുണ്ട്.

(സി) 7 ഒഴിവുകൾ.

(ഡി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാറുണ്ട്.

ഓൾട്ടർനേറ്റ് സ്കൂൾ ടീച്ചർമാർ നടത്തുന്ന സമരം

55 (2059) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓൾട്ടർനേറ്റ് സ്കൂൾ ടീച്ചർമാർ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരുടെ പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ ബദൽ വിദ്യാലയങ്ങളെ മുഖ്യധാരാ സ്കൂളുകളാക്കി മാറ്റേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമപ്രകാരം അയൽപക്കത്ത് സ്കൂളുകൾ സ്ഥാപിക്കുവാൻ 3 വർഷംവരെ സാവകാശം നൽകുന്നുണ്ട്. ബദൽ സ്കൂളുകളിലെ കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരാൻ ആവശ്യമായ സമയം അനുവദിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

എസ്.എസ്.എ. യുടെ ഫണ്ട് വിനിയോഗപ്പെടുത്തി ബദൽ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തകർക്ക് 2010-11 അദ്ധ്യയന വർഷാവസാനംവരെ പ്രതിഫലം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly